പട്ടികജാതി—പട്ടികവർഗ്ഗക്കാർക്ക് കാർഷിക വികസനത്തിൽ പങ്കാളിത്തം

1930 [3001] ശ്രീമതി കെ. ആർ ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി പട്ടികവർഗ്ഗക്കാരെ കാർഷികവികസനത്തിൽ പങ്കാളികളാക്കുന്നതിന് എന്തെങ്കിലും പരിപാടി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്താണെന്ന് വെളിപ്പെടുത്താമോ;

(സി) ഇതിനുവേണ്ടി ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര ലക്ഷം രൂപ ചെലവാക്കി ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്. ‡

(സി) 760.61 ലക്ഷം രൂപ.

കൂത്താളി ജില്ലാ കൃഷി ഫാം

1931 [3002] ശ്രീ. എ.കെ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്താളിയിലെ ജില്ലാ കൃഷി ഫാമിൽ എത്ര തൊഴിലാളികളുണ്ട്;

(ബി) ഈ ഫാമിൽനിന്ന് എത്ര തൊഴിലാളികളെ റിട്ടയർ ചെയ്തിട്ടുണ്ട്;

(സി) റിട്ടയർ ചെയ്ത തൊഴിലാളികൾക്ക് പകരം തൊഴിലാളികളെ നിയമിച്ചിട്ടുണ്ടോ?

ഉത്തരം

(എ) തൊണ്ണൂറ്റിആറ് (96)

(ബി) പതിനഞ്ച് (15)

(സി) ഉണ്ട്.

സ്റ്റേറ്റ് കൃഷി ഫാമുകളിലെ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള കാലതാമസം

1932 [3003] ശ്രീ. എ.കെ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് കൃഷി ഫാമുകളിലെ ജീവനക്കാരെ സ്ഥിരപ്പെടുത്തുവാനുള്ള ഗവൺമെന്റ് തീരുമാനം ഏതെങ്കിലും ഫാമുകളിൽ നടപ്പിലാക്കാതെയിരുന്നിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, ഏതു ഫാമിലാണ് നടപ്പിലാക്കാൻ സാധിക്കാതെയിരുന്നത്;

‡ അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly